"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ ജില്ലാപഞ്ചായത്ത്- സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1112/2024/LSGD തീയതി,തിരുവനന്തപുരം, 22-06-2024

---

പരാമർശം:-

1. കണ്ണൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.2024 ലെ KNR/P/MISC-904/2024-ാം നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 ലെ 4.66-ാം നമ്പർ തീരുമാനം

**ഉത്തരവ്**

കണ്ണൂർ ജില്ലാപഞ്ചായത്ത് കായിക മേഖലയിൽ തെരെഞ്ഞെടുത്ത 29 പേർക്ക്, ഇവർ മുഖേന പ്രാദേശികമായി കായികമേഖലയിൽ പരിശീലനം നടത്തുകയെന്ന ലക്ഷ്യത്തോടെ 2023 ഡിസംബർ 26 മുതൽ 2024 ജനുവരി 4 വരെ കണ്ണൂർ യൂണിവേഴ്സിറ്റി മങ്ങാട്ടുപറമ്പ് ക്യാമ്പസിൽ വെച്ച് പരിശീലനം നൽകുകയും, ഇതിന്റെ തുടർച്ചയായി സ്പോർട്സ് കൗൺസിൽ / യുവജനക്ഷേമ ബോർഡ് എന്നിവയിൽ രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതായും പ്രസ്തുത പ്രൊജക്റ്റിന് അനുമതി നൽകണമെന്നും കണ്ണൂർ ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് സൂചന (1) പ്രകാരം അപേക്ഷിച്ചിരുന്നു.

06.03.2024 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്പോർട്സ് കൗൺസിൽ / യുവജനക്ഷേമ ബോർഡ് എന്നിവയിൽ രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യാൻ ഉദ്ദേശിച്ചുള്ള പ്രോജക്ട് നടപ്പാക്കുന്നതിന്, വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറണം എന്ന നിബന്ധനയോടെ, കണ്ണൂർ ജില്ലാപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, കണ്ണൂർ ജില്ലാപഞ്ചായത്ത്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 25-06-2024 09:54:51

സെക്ഷൻ ഓഫീസർ